## ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:18.06.2025**

## പ്രധാനവാർത്തകൾ

1) ത്രിരാഷ്ട്ര പര്യടനത്തിൻറെ ഭാഗമായി ക്രൊയേഷ്യയിലെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദിയ്ക്ക് ഊഷ്മള വരവേൽപ്.

2) നിലമ്പൂർ നാളെ പോളിങ്ങ് ബൂത്തിലേക്ക്. വോട്ടെടുപ്പിനായുള്ള എല്ലാ മുന്നൊരുക്കങ്ങളും പൂർത്തിയായി.

3) ലഹരിക്കെതിരെ സംസ്ഥാനത്ത് ഈ മാസം 26 മുതൽ ശക്തമായ ബോധവത്കരണ ക്യാമ്പയിൻ ആരംഭിക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

4) സ്വകാര്യ പെട്രോൾ പമ്പുകളിലെ ശുചിമുറികൾ പൊതു ശുചിമുറികൾ അല്ലെന്ന് ഹൈക്കോടതി.

5) കോഴിക്കോട് - വയനാട് തുരങ്കപാതയ്ക്ക് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിൻറെ അനുമതി.

6) സംസ്ഥാനത്ത് ഹയർസെക്കൻഡറി പാഠ്യപദ്ധതി പരിഷ്കരണം അടുത്ത അക്കാദമിക വർഷം നടപ്പാക്കുമെന്ന് മന്ത്രി വി ശിവൻകുട്ടി

**********************

PNU TVPM

**<u>പ്രധാനമന്ത്രി ക്രൊയേഷ്യ</u>**

ത്രിരാഷ്ട്ര പര്യടനത്തിൻറെ ഭാഗമായി ക്രൊയേഷ്യയിലെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദിയ്ക്ക് ഊഷ്മള വരവേൽപ്. ക്രൊയേഷ്യ സന്ദർശിക്കുന്ന ആദ്യ ഇന്ത്യൻ പ്രധാനമന്ത്രിയെന്ന നിലയിൽ ശ്രീ മോദിയുടെ സന്ദർശനം ഇരുരാജ്യങ്ങളുടെയും നയതന്ത്ര ബന്ധത്തിൽ പുതിയ അധ്യായം തുറക്കും. ക്രൊയേഷൻ പ്രസിഡൻറ് സൊറാൻ മിലാനോവിച്ചുമായും, പ്രധാനമന്ത്രി ആന്ദ്രേ പ്ലെങ്കൊവിച്ചുമായും അദ്ദേഹം കൂടിക്കാഴ്ച നടത്തും. പ്രതിനിധി തല ചർച്ചകൾക്ക് പുറമേ, ശാസ്ത്ര സാങ്കേതിക വിദ്യ, കൃഷി, വിദ്യാഭ്യാസം എന്നിവയിലെ സഹകരണ സാധ്യതകളും നേതാക്കൾക്കിടയിൽ ചർച്ചയാവും. യുഎൻ രക്ഷാസമിതിയിലെ ഇന്ത്യയുടെ സ്ഥിരാംഗത്വം, ഭീകരതയ്ക്കെതിരായ നിലപാടുകൾ എന്നിവയിൽ ക്രൊയേഷ്യയുടെ പിന്തുണ ഉറപ്പാക്കാനും സന്ദർശനം സഹായിക്കും.

**********************

**<u>നിലമ്പൂർ (ഇൻട്രോ)</u>**

നിലമ്പൂർ നാളെ പോളിങ് ബൂത്തിലേക്ക്. വോട്ടെടുപ്പിനായുള്ള എല്ലാ മുന്നൊരുക്കങ്ങളും പൂർത്തിയായി. 263 പോളിങ് ബൂത്തുകളിലായി നാളെ രാവിലെ ഏഴ് മണി മുതൽ വൈകുന്നേരം ആറ് മണി വരെയാണ് വോട്ടെടുപ്പ്. മോക് പോൾ രാവിലെ 5.30 ന് നടക്കും. എല്ലാ ബൂത്തുകളിലും വെബ്കാസ്റ്റിങ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ഈ മാസം 23 നാണ് വോട്ടെണ്ണൽ.

**വിശദാംശങ്ങളുമായി ആകാശവാണി മലപ്പുറം ജില്ലാ പ്രതിനിധി സുരേഷ് ബാബു.....**

**(വോയിസ്)**

**********************

**<u>മുഖ്യമന്ത്രി (ഇൻട്രോ)</u>**

സംസ്ഥാനത്ത് ലഹരി വിരുദ്ധ ക്യാമ്പയിൻ കൂടുതൽ ശക്തമാക്കാൻ വിപുലമായ പരിപാടികൾ ആസൂത്രണം ചെയ്തതായി മുഖ്യമന്ത്രി പിണറായി വിജയൻ. അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനമായ ജൂൺ 26ന് ക്യാമ്പയിൻറെ സംസ്ഥാന തല ഉദ്ഘാടനം നടക്കുമെന്നും മുഖ്യമന്ത്രി വാർത്താസമ്മേളനത്തിൽ അറിയിച്ചു. ജനുവരി 30 വരെ നീളുന്ന ക്യാമ്പയിനിലൂടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് ലഹരി മുക്ത പരിപാടികൾ ശക്തമാക്കും. റസിഡൻസ് അസോസിയേഷനുകളുടെ

RNUTVPM

നേതൃത്വത്തിൽ എൻറെ കുടുംബം ലഹരി മുക്ത കുടുംബം പരിപാടിക്ക് തുടക്കമിടുമെന്നും മുഖ്യമന്ത്രി പറഞ്ഞു.
(ഹോൾഡ് വോയ്സ്.....)

**********************

## .പെട്രോൾ പമ്പ്- ഹൈക്കോടതി

സ്വകാര്യ പെട്രോൾ പമ്പുകളിലെ ശുചിമുറികൾ പൊതു ശുചിമുറികൾ അല്ലെന്ന് ഹൈക്കോടതി. സംസ്ഥാന സർക്കാരിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും എതിരെ പെട്രോളിയം ട്രേഡേഴ്സ് വെൽഫെയർ ആൻഡ് ലീഗൽ സർവീസ് സൊസൈറ്റിയും, പെട്രോളിയം റീട്ടെയിലർമാരും സമർപ്പിച്ച ഹർജിയിലാണ് ഇടക്കാല ഉത്തരവ്.
ശുചിമുറികൾ പൊതുജനങ്ങൾക്ക്
ഉപയോഗത്തിനായി അനുവദിക്കണമെന്ന് സർക്കാരും മുനിസിപ്പൽ കോർപ്പറേഷനും നിർബന്ധിക്കരുതെന്നും ഉത്തരവിൽ പറയുന്നു. ഇത് സംബന്ധിച്ച് സ്വച്ഛ് ഭാരത് മിഷനു കീഴിലുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഹാജരാക്കാൻ തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനോട് കോടതി നേരത്തെ നിർദ്ദേശിച്ചിരുന്നു. ഉപഭോക്താക്കളുടെ അടിയന്തര ആവശ്യങ്ങൾക്കുള്ള സ്വകാര്യ ടോയ്‌ലറ്റുകൾ പൊതുജനങ്ങൾക്കായി തുറന്നുകൊടുക്കാൻ നിർബന്ധിതരാക്കുന്നതായി ഹർജിക്കാർ വാദിച്ചു.

**********************

## കോഴിക്കോട് - വയനാട് തുരങ്കപാത

കോഴിക്കോട് - വയനാട് നിർദിഷ്ട നാലുവരി തുരങ്കപാതയ്ക്ക് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിൻറെ അനുമതി. ആനക്കാംപൊയിൽ –കള്ളാടി– മേപ്പാടി തുരങ്ക പാതയുടെ പ്രവൃത്തി വ്യവസ്ഥകൾ പാലിച്ച് കൊണ്ട് നടപ്പിലാക്കാൻ വിദഗ്ദ സമിതി ശുപാർശ ചെയ്തിരുന്നു. അനുമതി ലഭിച്ചതോടെ കരാർ ഒപ്പിട്ട് തുരങ്ക പാതയുടെ പ്രവൃത്തി ആരംഭിക്കാനാവും. പൊതുമരാമത്ത് വകുപ്പ്, കിഫ്ബി, കൊങ്കൺ റെയിൽവേ എന്നിവർ സംയുക്തമായാണ് കരാറിൽ ഒപ്പിടുക. നിർമ്മാണോദ്ഘാടനം ജൂലൈയിൽ മുഖ്യമന്ത്രി നിർവ്വഹിക്കും.

**********************

## യുവ പുരസ്കാരം

കേന്ദ്ര സാഹിത്യ അക്കാദമിയുടെ ബാലസാഹിത്യ പുരസ്കാരത്തിന് ശ്രീജിത്ത് മൂത്തേടത്തും യുവപുരസ്കാരത്തിന് അഖിൽ പി. ധർമ്മജനും മലയാളത്തിൽ നിന്ന് അർഹരായി. ശ്രീജിത്ത് മൂത്തേടത്തിൻറെ പെൻഗ്വിനുകളുടെ വൻകരയിൽ എന്ന നോവലിനും, അഖിൽ പി.

RNUTVPM

ധർമ്മജൻറെ റാം C/O ആനന്ദിയ്ക്കുമാണ് പുരസ്കാരം. വിവിധ ഭാഷകളിലായി 24 പേർ ബാലസാഹിത്യ പുരസ്കാരത്തിനും 23 പേർ യുവസാഹിത്യ പുരസ്കാരത്തിനും അർഹരായി.

**********************

## വി ശിവൻകുട്ടി- ഹയർസെക്കൻഡറി

സംസ്ഥാനത്ത് ഹയർസെക്കൻഡറി പാഠ്യപദ്ധതി പരിഷ്കരണം അടുത്ത അക്കാദമിക വർഷം നടപ്പാക്കുമെന്ന് പൊതുവിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി. പ്ലസ് വൺ പ്രവേശനോത്സവം തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യുകയായിരുന്നു

മന്ത്രി. പൊതുവിദ്യാലയങ്ങൾ പാഠപുസ്തക അറിവ് നൽകുന്ന ഇടങ്ങൾ എന്നതിലുപരി സാമൂഹികമായും വൈകാരികമായും ബുദ്ധിപരമായും കുട്ടികളെ വളർത്തുന്ന ഇടങ്ങളാകണമെന്ന് മന്ത്രി ചടങ്ങിൽ പറഞ്ഞു.

**********************

## വി ശിവൻകുട്ടി - മലപ്പുറം

മലപ്പുറത്ത് അധ്യാപികയുടെ വാഹനമിടിച്ച് വിദ്യാർത്ഥിനിക്ക് പരിക്കേറ്റെന്ന പരാതിയിൽ അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കാൻ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് മന്ത്രി വി ശിവൻ കുട്ടി നിർദേശം നൽകി. മലപ്പുറം എം.എസ്.പി HSS ലെ വിദ്യാർത്ഥിനിയുടെ കാലിന് ഗുരുതരമായി പരിക്കേറ്റ സംഭവത്തിലാണ് നടപടി.

**********************

## മിൽമ - പിഴ ചുമത്തി

മിൽമയുടെ പേരിനോടും രൂപകൽപ്പനയോടും സാമ്യതയുള്ള ഉത്പന്നങ്ങൾ വിൽപ്പന നടത്തിയ സ്വകാര്യ ഡയറി സ്ഥാപനത്തിന് ഒരു കോടി രൂപ പിഴ ചുമത്തി. മിൽന എന്ന സ്ഥാപനത്തിന് തിരുവനന്തപുരം പ്രിൻസിപ്പൽ കൊമേഴ്സ്യൽ കോടതിയാണ് പിഴ ചുമത്തിയത്. ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങൾ തന്നെ വാങ്ങി ഉപയോഗിക്കാൻ ഉപഭോക്താക്കൾ ശ്രദ്ധിക്കണമെന്ന് മിൽമ ചെയർമാൻ കെഎസ് മണി പറഞ്ഞു.

**********************

## തെരുവ് നായ്ക്കളുടെ ആക്രമണം(ഇൻട്രോ)

കണ്ണൂരിൽ ഇന്നും തെരുവ് നായ്ക്കളുടെ ആക്രമണം.

നിരവധി ആളുകൾക്ക് ഇന്ന് കടിയേറ്റു. എടക്കാടിനടുത്ത് കിഴുന്ന പാറയിൽ രണ്ടുപേർക്ക് നേരെ കുറുനരിയുടെ ആക്രമണവുമുണ്ടായി.

**കൂടുതൽ വിവരങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി**

**കെ ഒ ശശിധരൻ**

**(ഹോൾഡ്)**

RNU TVPM

**********************

## സംസ്ഥാനം മഴ

സംസ്ഥാനത്ത് ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് കണ്ണൂർ , കാസർഗോഡ് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും തിരുവനന്തപുരം, കൊല്ലം, പാലക്കാട് ഒഴികെയുള്ള ഒൻപത് ജില്ലകളിൽ മഞ്ഞ ജാഗ്രതയും പ്രഖ്യാപിച്ചു. കേരള- ലക്ഷദ്വീപ് തീരങ്ങളിൽ ഇന്നും കർണാടക തീരത്ത് ഇന്നും നാളെയും മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. പൊതുവഴിയിലെ വെള്ളക്കെട്ട് കണക്കിലെടുത്ത്, കുട്ടനാട് താലൂക്കിലെ പ്രൊഫഷണൽ കോളേജുകൾ ഒഴികെയുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ജില്ലാ കളക്ടർ നാളെ അവധി പ്രഖ്യാപിച്ചു.

അങ്കണവാടികൾക്കും ട്യൂഷൻ സെൻററുകൾക്കും അവധി ബാധകമാണ്. മുൻ നിശ്ചയിച്ച പരീക്ഷകൾക്ക് മാറ്റമില്ല.

**********************

## ജലവിതരണം

അരുവിക്കര ജലശുദ്ധീകരണശാലയിൽ അറ്റകുറ്റപ്പണി നടക്കുന്നതിനാൽ നാളെ രാവിലെ 10 മുതൽ വൈകിട്ട് 4 വരെ തിരുവനന്തപുരം നഗരത്തിൻറെ വിവിധ ഭാഗങ്ങളിൽ ജലവിതരണം തടസ്സപ്പെടാൻ സാധ്യത. ഉപഭോക്താക്കൾ മുൻകരുതൽ സ്വീകരിക്കണമെന്ന് ജല അതോറിറ്റി അറിയിച്ചു.

RNUTVPM

**********************

## കക്കയം ഗിർഡറുകൾ പുനസ്ഥാപിച്ചു

കക്കയം ജലവൈദ്യുത പദ്ധതിയിലെ തകർന്ന പെൻസ്റ്റോക്ക് ഗിർഡറുകൾ പുനസ്ഥാപിച്ചു. വൈദ്യുതി ഉത്പാദനം പൂർണതോതിൽ പുനരാരംഭിച്ചു. മേയ് 25-നുണ്ടായ കനത്ത മഴയിലാണ് കൂറ്റൻ പാറക്കല്ലുകൾ വീണ് പെൻസ്റ്റോക്ക് ഗിർഡറുകൾ തകർന്നത്. ഇതോടെ വൈദ്യുതി ഉത്പാദനത്തിൽ 100 മെഗാവാട്ട് കുറവുണ്ടായിരുന്നു.

**********************

## ഓഹരി + സ്വർണ്ണ വില

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 139 പോയിന്റ് ഇടിഞ്ഞ് 81,445 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 41 പോയിന്റ് നഷ്ടത്തിൽ 24,812 ലും വ്യാപാരം അവസാനിപ്പിച്ചു. സ്വർണ്ണ വില കൂടി. പവന് 400 രൂപ കൂടി 74,000 രൂപയും ഗ്രാമിന് 9,250 രൂപയുമാണ് ഇന്നത്തെ വില.

**********************

## ഇസ്രയേൽ - ഇറാൻ

ഇസ്രയേൽ - ഇറാൻ സംഘർഷം ഇന്നും രൂക്ഷമായി തുടരുന്നു. ഇറാനിലെ ആയുധ ഉത്പാദന കേന്ദ്രങ്ങൾ ആക്രമിച്ചതായി ഇസ്രായേൽ അവകാശപ്പെട്ടു. ഇസ്രയേലിൻറെ വ്യോമ പ്രതിരോധ സംവിധാനം തകർത്തതായി ഇറാനും അറിയിച്ചു. യുഎസ് പിന്തുണയോടെ ഇറാനെതിരായി നടത്തുന്ന ഏതൊരു ആക്രമണത്തിനും ഗുരുതര പ്രത്യാഘാതങ്ങൾ ഉണ്ടാകുമെന്ന് ഇറാൻറെ പരമോന്നത നേതാവ് ആയത്തുള്ള അലി ഖമേനി മുന്നറിയിപ്പ് നൽകി.

**********************

## അന്താരാഷ്ട്ര യോഗ ദിനം

ജൂൺ 21 അന്താരാഷ്ട്ര യോഗ ദിനത്തോടനുബന്ധിച്ച്, ഭൂമിക്കും ഏകാരോഗ്യത്തിനും യോഗ എന്ന പ്രമേയത്തിൽ രാജ്യത്തുടനീളം ഒരു ലക്ഷത്തിലധികം യോഗ പരിപാടികൾ ആയുഷ് മന്ത്രാലയത്തിൻറെ നേതൃത്വത്തിൽ സംഘടിപ്പിക്കും. 21-ന് രാവിലെ 6:30 മുതൽ 7:40 വരെ ആയിരിക്കും പരിപാടികൾ . ആന്ധ്രാപ്രദേശിലെ വിശാഖപട്ടണത്ത് സംഘടിപ്പിക്കുന്ന പ്രധാന പരിപാടിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി പങ്കെടുക്കും.

RNUTVPM

**********************

## മുതലപ്പൊഴി

മുതലപ്പൊഴി ഡ്രഡ്ജിംഗിലെ അനിശ്ചിതത്വം നീക്കി മണൽ നീക്കം പുനരാരംഭിക്കുന്നതിന് ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കാൻ ന്യൂനപക്ഷ കമ്മീഷൻ ജില്ലാ ഭരണകൂടത്തിന് നിർദ്ദേശം നൽകി. ഡ്രഡ്ജ്റിന് തകരാർ സംഭവിച്ചതിനാൽ പ്രവൃത്തികൾ മുടങ്ങിയതായും യന്ത്രത്തിൻറെ തകരാർ ഉടനടി പരിഹരിച്ച് ഡ്രഡ്ജിംഗ് പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും അധികൃതർ കമ്മീഷനെ അറിയിച്ചു.

**********************

**********

*****